ഷോർട്ട് ടെൻഡർ നോട്ടീസ്

കേരള പബ്ലിക് സർവ്വീസ് കമ്മീഷന് ഒരു വർഷക്കാലത്തേയ്ക്ക് താഴെപ്പറയുന്ന സ്പെസിഫിക്കേഷൻ പ്രകാരമുള്ള ഒ.എം.ആർ ഷീറ്റുകൾ സപ്ലൈ ചെയ്യാൻ കഴിവുള്ള കരാറുകാരിൽ നിന്ന് മുദ്രവെച്ച ടെൻഡറുകൾ ക്ഷണിക്കുന്നു.

സ്പെസിഫിക്കേഷൻ

1. രണ്ട് ബാർകോഡുകളും ലേസർ പെർഫറേഷനുമുള്ള രണ്ടു വശവും പ്രിന്റ് ചെയ്ത ഒ.എം.ആർ ഷീറ്റുകൾ
2. വലിപ്പം :-A4
3. കനം:-100 മുതൽ 105 ജി.എസ്.എം വരെ
4. കളർ: ഓരോ ഫോർമാറ്റിനും വ്യത്യസ്തം
5. ടൈപ്പ്:ഒ.സി.ആർ ഗ്രേഡ് റിഫ്ലക്ടീവ്
6. ബാർകോഡ് : വ്യത്യസ്ത ഫോർമാറ്റുകളിലും (കോഡ് 39 ലംബമായും (വെർട്ടിക്കൽ) കോഡ് 128 തിരച്ചിനമായും (ഹൊറിസോണ്ടൽ) ആയും രേഖപ്പെടുത്തിയിരിക്കണം) പരമ്പരകളിലുമുള്ള ഒരേ 8 അക്കനമ്പറിനെ സൂചിപ്പിക്കുന്ന രണ്ട് ബാർകോഡുകൾ (കോഡ് 39, കോഡ് 128 എന്നീ ബാർകോഡുകൾ വ്യത്യസ്ത പരമ്പരകളിലായിരിക്കണം)
7. കാലിപർ : 0.0035 മുതൽ 0.0080 വരെ
8. പ്രീ-ചെക്ക്: 100% പ്രീ-ചെക്ക് റിപ്പോർട്ട് & ഡാറ്റാബേസ് സപ്പോർട്ട്
9. സെക്യൂരിറ്റി പ്രത്യേകതകൾ: മൈക്രോ പ്രിൻറിംഗ്, ഇൻവിസിബിൾ പ്രിന്റിംഗ്, ഒപേക് ടെസ്റ്റ് (വോയിഡ് പാന്റോഗ്രാഫ്) പാർട്ട് 'എ' യിൽ ഇൻവിജിലേറ്ററുടെ ഒപ്പ് രേഖപ്പെടുത്താനുള്ള ഭാഗത്ത്

ടെൻഡർ ഡോക്യൂമെൻറ്സും (കൈമാറ്റം ചെയ്യാൻ പാടില്ലാത്തത്) കൂടുതൽ വിവരങ്ങളും മേൽപ്പറഞ്ഞ ഓഫീസിൽ നിന്ന് 2250/- രൂപ (തിരികെ ലഭിക്കാത്തത്) ക്യാഷ്/മണി ഓർഡർ/ഡിമാൻഡ് ഡ്രാഫ്റ്റ് ആയി ഒടുക്കി അപേക്ഷിക്കുന്ന പക്ഷം ലഭിക്കുന്നതാണ്.

നിരതദ്രവ്യ നിക്ഷേപം	:	രൂപ 10,000/-
ടെൻഡർ ഡോക്യുമെൻറ് വിതരണം ചെയ്യുന്ന അവസാന തീയതി	:	10.08.2010. 3 p.m.
ടെൻഡർ സ്വീകരിക്കുന്ന അവസാന തീയതി	:	11.08.2010. 1 p.m.
ടെൻഡർ തുറക്കുന്ന തീയതി	:	11.08.2010. 3 p.m.

തപാൽ മാർഗ്ഗം ഉണ്ടാകുന്ന താമസത്തിന് കമ്മീഷന് ഉത്തരവാദിത്വമുണ്ടായിരിക്കുന്നതല്ല. ഏതൊരു ടെൻഡറും പ്രത്യേക കാരണം കൂടാതെ സ്വീകരിക്കുവാനും തള്ളിക്കളയുവാനുമുള്ള പൂർണ്ണ അധികാരം കമ്മീഷനിൽ നിക്ഷിപ്തമായിരിക്കുന്നതാണ്.